LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റിയിലെ ഐ.ടി. വിഭാഗം

163(2632) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഐ.ടി. വിഭാഗത്തിൽ ഏതെല്ലാം തസ്തികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയിലെ സ്ഥിരം ജീവനക്കാരിൽ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി ഐ.ടി വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി ഐ.ടി. വിഭാഗത്തിൽ നിലവിലുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു:

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	-	2
അസിസ്റ്റന്റ് എഞ്ചിനീയർ (ഒരാൾ വർക്കിംഗ് അറേഞ്ച്മെന്റ്)	-	2
കമ്പ്യൂട്ടർ ഓപ്പറേറ്റർ	-	1
അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ്	-	1
നെറ്റ്വർക്ക് സപ്പോർട്ടർ (വർക്കിംഗ് അറേഞ്ച്മെന്റ്)	-	2

(ബി) മതിയായ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള ജീവനക്കാരെയാണ് നിലവിൽ ഐ.ടി. വിഭാഗത്തിൽ നിയമിച്ചിരിക്കുന്നത്. ഇവരുടെ മേൽനോട്ടത്തിൽ ഐ.ടി. വിഭാഗം വളരെയധികം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ തസ്തിക സൃഷ്ടിക്കൽ

164(2633) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് സബ് ഡിവിഷനുകളിൽ സൂപ്രണ്ട് തസ്തിക നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ മെയിന്റനൻസ് സബ്ഡിവിഷനുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിച്ചാൽ പ്ലാന്റുകളുടെയും അതോറിറ്റിയുടെ പമ്പ് ഹൗസുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത ഓഫീസുകളിൽ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർ, ക്ലാസ്സ് IV ഓവർസിയർ, ഡ്രാഫ്റ്റ്സ്മാൻ, പ്ലംബർ, ഫിറ്റർ, ഇലക്ട്രീഷ്യൻ, മീറ്റർ റീഡർ മുതലായ തസ്തികകളുടെ പ്രൊമോഷൻ തസ്തികളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രൊമോഷൻ സമയബന്ധിതമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ മെയിന്റനൻസ് സബ്ഡിവിഷനുകളിലും സൂപ്രണ്ട് തസ്തിക നിലവിലില്ല.

(ബി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) പ്രൊമോഷൻ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കണമെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

കേരള വാട്ടർ അതോറിറ്റിയിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലുള്ള കാലതാമസം

165(2634) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പെൻഷനായ ജീവനക്കാർക്ക് കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിന് 3 വർഷത്തെ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാഹചര്യത്തിലാണ് ഇപ്രകാരം കാലതാമസം ഉണ്ടായതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആനുകൂല്യങ്ങൾ നല്കുന്നതിനായി വാട്ടർ അതോറിറ്റി വായ്പ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) എത്ര തുകയാണ് ഇതിനായി സർക്കാർ വാട്ടർ അതോറിറ്റിക്ക് നൽകിയതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ പെൻഷനായ ജീവനക്കാർക്ക് കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിന് ഫണ്ടിന്റെ ലഭ്യത കുറവുകാരണം കാലതാമസമുണ്ടായിട്ടുണ്ട്. അതാത് മാസത്തെ പെൻഷൻ കൃത്യമായി നൽകിവരുന്നു.

(ബി) വായ്പ എടുത്തിട്ടില്ല.

(സി) സർക്കാരിൽനിന്നും പ്രത്യേകമായി തുകയൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly